# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4819      01.07.2013-ൽ മറുപടിയ്ക്ക്

<u>കാവുകളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിന് ബയോ</u>

<u>ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.ദാസൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) | സംസ്ഥാനത്തെ നിലവിലുള്ള കാവുകളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ: | എ) | സംസ്ഥാനത്തെ നിലവിലുള്ള കാവുകളും കണ്ടൽക്കാടുകളും ആയതിന്റെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 2010-ൽ വനം വകുപ്പ് ഒരു പദ്ധതി തയ്യാറാക്കുകയും ആയതിന് 14.09.2010 ൽ G.O. (Rt) NO.402/10/F&WLD പ്രകാരം സംസ്ഥാന സർക്കാർ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിലെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാവുകളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടത്തിവരുന്നത്.<br><br>കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കണ്ടൽച്ചെടികൾ ഉൽപ്പാദിപ്പിക്കുകയും അവ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ച് നിലനിർത്താൻ താല്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് ഏക്കറിന് 4000/- രൂപ വീതം പാരിതോഷികമായി നൽകുക, കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വാഭാവിക |

പുനഃരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുക. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള ജൈവവൈവിദ്ധ്യ സമ്പന്ന പ്രദേശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ അവബോധം നൽകുക. പ്രകൃതി പഠനക്യാമ്പുകൾ സംഘടിപ്പിക്കുക. കണ്ടൽക്കാടുകളെക്കുറിച്ചും അവയുടെ പ്രധാന്യത്തെക്കുറിച്ചും ലഘുലേഖനങ്ങൾ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുക തുടങ്ങിയവയാണ്.

കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽ നിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്റ്റി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവു സംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത വിദഗ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ യോഗ്യമായ കാവുകൾ തെരഞ്ഞെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ട കാവുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരികയും ചെയ്യുന്നു.

1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക.
2. പരിപാലനത്തിന് ആവശ്യമായ വൃക്ഷാസൂത്രണ രേഖ തയ്യാറാക്കുക.
3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചുപിടിപ്പിക്കുക/സ്വാഭാവിക വളർച്ചയ്ക്കാവശ്യമായ സാഹചര്യം ഒരുക്കുക, കളകൾ നിർമാർജനം ചെയ്യുക, മറ്റ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ

പ്രവർത്തനങ്ങളാണ് നടത്തുക.

4. സംരക്ഷണത്തിനായി കാവിനു ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.

5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

കാവു സംരക്ഷണത്തിന് രണ്ടുതരത്തിലുള്ള സാമ്പത്തിക സഹായമാണ് നൽകി വരുന്നത്.

വിസ്തൃതിയടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വലിയ കാവുകൾക്ക് തയ്യാറാക്കി അംഗീകരിക്കപ്പെട്ട മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ ദീർഘകാല പരിചരണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു.

താരതമ്യേന ചെറിയ കാവുകൾക്ക് പ്രത്യേക പ്രവർത്തനങ്ങൾക്കായി ഒറ്റത്തവണ മാത്രം സാമ്പത്തിക സഹായവും നൽകിവരുന്നു.

ബി) ഏതെങ്കിലും മണ്ഡലത്തിൽ നിന്ന് കാവുകൾ സംരക്ഷിക്കുന്നതിന് നൂതനമായ പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ഉണ്ടെങ്കിൽ ഏത് മണ്ഡലത്തിൽ നിന്നെന്ന് അറിയിക്കുമോ; പ്രസ്തുത പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

ബി) ഉണ്ട്. തവനൂർ നിയോജക മണ്ഡലത്തിൽ നിന്ന്. പ്രോജക്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

സി) സംസ്ഥാനത്ത് ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകൾ ആയി നിർണ്ണയിക്കപ്പെട്ട പ്രദേശങ്ങൾ ഏതെല്ലാം;

സി) സംസ്ഥാനത്ത് ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകൾനിർണ്ണയിക്കപ്പെടുന്നത് ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് 2002 സെക്ഷൻ 37 പ്രകാരമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് താഴെപറയുന്ന 3 പ്രദേശങ്ങളാണ് ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകൾ ആയി നിർണ്ണയിച്ചിരിക്കുന്നത്.

1. കലശമല, തൃശ്ശൂർ

2. പാതിരാമണൽ, ആലപ്പുഴ

3. ആശ്രാമം, കൊല്ലം

| | |
|---|---|
| ഡി) ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ; | ഡി) ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ രൂപരേഖ കേരള ബയോ ഡൈവേഴ്സിറ്റി ബോർഡ് തയ്യാറാക്കി വരുന്നു. |
| ഇ) തവനൂർ നിയോജകമണ്ഡലത്തിൽ കാവുകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ഇ) ഉണ്ട്. പ്രോജക്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ